DATE PAGE

# അക്കാദമിക മാസ്റ്റർപ്ലാൻ

## ഗവ. എൽ. പി. സ്കൂൾ ചെറിയകുന്നം

RAMSONS

ഗവ. എൽ. പി. സ്കൂൾ - ചെറിയകുന്നം, ചാലപ്പള്ളി

# അക്കാദമിക മാസ്റ്റർപ്ലാൻ

## 1. ആമുഖം

ഗവ. എൽ. പി. സ്കൂൾ ചെറിയകുന്നം അക്കാദമിക മാസ്റ്റർപ്ലാൻ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. സ്കൂളിന്റെ ചരിത്രം, സ്കൂളിന്റെ കാഴ്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക പാഠ്യേതര മേഖലകളിലെ വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും, കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർപ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്. സജീവമായ പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി, പൂർവ വിദ്യാർത്ഥി സംഘടന, അർപ്പണബോധമുള്ള അധ്യാപക സംഘം, പിന്തുണ നൽകുന്ന രക്ഷിതാക്കൾ, വിശാലമായ പൊതുസമൂഹം എന്നിവയുടെ സജീവ സഹകരണത്തോടെയാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്.

<u>സ്കൂളിന്റെ ചരിത്രം.</u>

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ കൊറ്റനാട് ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ ചാലാപ്പള്ളി ജംഗ്ഷനു സമീപം മല്ലപ്പള്ളി- റാന്നി റോഡരികിൽ 1948 ൽ പ്രവർത്തനം ആരംഭിച്ചതാണ് ചെറിയകുന്നം ഗവ. എൽ. പി. സ്കൂൾ.

സർ. സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാനായിരുന്ന കാലത്ത് നടന്ന അധ്യാപക സമരങ്ങളെത്തുടർന്ന് സമീപ പ്രദേശങ്ങളിലെ വിദ്യാലയങ്ങൾ പ്രവർത്തനം നിർത്തിയപ്പോൾ പുതിയ സ്കൂളുകൾ അനുവദിക്കുകയുണ്ടായി. അക്കൂട്ടത്തിൽ 1948 ൽ അനുവദിക്കപ്പെട്ടതാണ് ഈ വിദ്യാലയം. ഇന്ന്. എസ്.വി.എൻ.എസ്. എസ്. യു.പി. സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്ത് സംസ്കൃത സ്കൂളിനു വേണ്ടി പണിത കെട്ടിടത്തിലാണ് ഈ സ്കൂൾ ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ചാലാപ്പള്ളി ജംഗ്ഷനു സമീപം കോനാലിൽ വീട്ടിൽ ശ്രീ. ഗോവിന്ദപിള്ള ദാനമായി നൽകിയ 50 സെന്റ് സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിച്ചു പ്രവർത്തനം തുടങ്ങി. ശ്രീ. ഗോവിന്ദപിള്ളയുടെ മകൻ ശ്രീ. കെ. ജി. രാധാകൃഷ്ണപിള്ള മുൻകൈ എടുത്ത് പ്രവർത്തിച്ച കെട്ടിടനിർമ്മാണം 1959 ൽ പൂർത്തിയായി. അന്ന് നിർമ്മിച്ച അതേ കെട്ടിടത്തിൽ

തന്നെയാണ് ഇന്നും ക്ലാസ്സുകൾ നടക്കുന്നത്. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളാണ് സ്കൂളിന്റെ ആരംഭകാലം മുതൽ ഇപ്പോഴും ഇതാണ്. ഇപ്പോൾ ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളിലായി 37 വിദ്യാർത്ഥികൾ പഠിക്കുന്നു.

ഈ വിദ്യാലയത്തിൽ ഒന്നും രണ്ടും ക്ലാസ്സുകളിൽ നിലവിലുണ്ടായിരുന്ന ഷിഫ്റ്റ് സമ്പ്രദായം 2010 ൽ നിർത്തലാക്കി. കൊടുനാട് ഗ്രാമപഞ്ചായത്തിലെ ക്ലസ്റ്റർ റിസോഴ്സ് സെന്ററായി ഈ വിദ്യാലയവും ഇവിടുത്തെ പ്രധാനാദ്ധ്യാപകൻ പഞ്ചായത്ത് വിദ്യാഭ്യാസ ഇംപ്ലിമെന്റിംഗ് ഓഫീസറാ-യും പ്രവർത്തിക്കുന്നു. നിലവിൽ നാല് അദ്ധ്യാപകരും ഒരു പി.ടി.സി.എം., ഒരു പാചകക്കാരി എന്നീ ജീവനക്കാർ ഈ സ്കൂളിൽ ഉണ്ട്.

<u>കാഴ്ചപ്പാട്</u>

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിതാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും ആർജിച്ച് സമൂഹ-ത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ അന്തിമലക്ഷ്യം. 2025-26 അധ്യയന വർഷത്തിൽ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതു-മായ വിദ്യാഭ്യാസം ഉറപ്പാവുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി ആധാരമാക്കിയ

RAMSONS

കർമ്മ പദ്ധതിയുടെ രൂപരേഖയിൽ ഭാഷ, ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്നു. രക്ഷകർത്താക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. കുട്ടികളിലുണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങളിൽ കുട്ടികളെ ആകർഷകരാക്കുകയും സ്വയം ഭരണ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, വിദ്യാർത്ഥിയെ വിലയിരുത്തൽ പഠന പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് നടപ്പാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസരംഗത്ത് അത്ഭുത പൂർവ്വമായ ഉണർവ് സൃഷ്ടിച്ചു. കൂടുതൽ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. 2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വർഷമാണ്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതിയാണ് ഇത്. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾതല അക്കാദമിക് മാസ്റ്റർ

പ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗവും പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു.

## സ്കൂളിന്റെ അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ. പി. എസ് ചെറിയകുന്നം |
| വിലാസം | : ചാലാപ്പള്ളി. പി. ഒ പത്തനംതിട്ട |
| സ്ഥാപിതം | : 1948 |
| സ്കൂൾ കോഡ് | : 37610 |
| വിദ്യാഭ്യാസ ഉപജില്ല | : വെണ്ണിക്കുളം |
| വിദ്യാഭ്യാസ ജില്ല | : തിരുവല്ല |
| റവന്യൂ ജില്ല | : പത്തനംതിട്ട |
| ബി. ആർ. സി | : വെണ്ണിക്കുളം |
| സി. ആർ. സി | : കൊറ്റനാട് |
| ഗ്രാമപഞ്ചായത്ത് | : കൊറ്റനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : മല്ലപ്പള്ളി |
| ജില്ലാ പഞ്ചായത്ത് | : പത്തനംതിട്ട |
| നിയമസഭാ മണ്ഡലം | : റാന്നി |
| ലോകസഭാ മണ്ഡലം | : പത്തനംതിട്ട |
| താലൂക്ക് | : മല്ലപ്പള്ളി |
| വില്ലേജ് | : പെരുമ്പെട്ടി |
| ഇ-മെയിൽ | : glpsckm@gmail.com |

ഹെഡ്മിസ്ട്രസ് : റോഷ്ന. പി.കെ
മൊബൈൽ നമ്പർ : 9495866539
സീനിയർ അസിസ്റ്റന്റ് : വിദ്യാമോൾ. സി.വി
മൊബൈൽ നമ്പർ : 9747836811

## പൊതുലക്ഷ്യങ്ങൾ

സമഗ്രമായ വിദ്യാർത്ഥി വികസനത്തിനും സ്കൂളിന്റെ സമഗ്രമായ പുരോഗതിക്കും വേണ്ടിയുള്ള പ്രധാനലക്ഷ്യങ്ങൾ മാസ്റ്റർപ്ലാൻ രൂപരേഖ ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ അക്കാദമികം, ഭൗതികം, സാമൂഹികം, സാങ്കേതികം എന്നീ മേഖലകളെ ഉൾക്കൊള്ളുന്നു. ഇത് വിദ്യാഭ്യാസ വികസനത്തിനായുള്ള ഒരു വിശാലമായ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു.

1. ഓരോ ക്ലാസിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

2. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

3. കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ സംവിധാനം

നൽകുക. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ കാര്യക്ഷമമായി നടപ്പാക്കുക.

4. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

5. ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.

6. ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

7. പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുവാൻ ആവശ്യ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുക.

8. സമഗ്രപഠന പുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുമെന്ന് രക്ഷാകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക.

9. കാര്യക്ഷമവും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയം കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില മനസ്സിലാക്കാനും പരിഹാരബോധനം നൽകാനും സഹായകമാകും വിധമാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുക.

RAMSONS

10. മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തു പരീക്ഷ എന്നതിനപ്പുറം എൽ. പി. ക്ലാസുകളിൽ കുട്ടികളുടെ വായന, ആലാപനം, എഴുത്ത്, സർഗരചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തുക.

11. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ പഠനബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂമിൽ നടക്കുന്നു എന്നുറപ്പുവരുത്തുക.

12. മികച്ച പഠനാനുഭവങ്ങൾ നവ സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിനായി എല്ലാ അധ്യാപകരെയും സജ്ജമാക്കുക.

13. കുട്ടികളുടെ സാമൂഹിക, അക്കാദമിക പശ്ചാത്തലം മനസ്സിലാക്കുന്നതിനായി അധ്യാപകരുടെ / ഓഫീസർമാരുടെ വിദ്യാലയ, ഭവനസന്ദർശനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

14. ആവശ്യമായ ഘട്ടങ്ങളിൽ SRG നേതൃത്വത്തിൽ സ്കൂളിലെ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് അക്കാദമിക ചർച്ചകളും സംവാദങ്ങളും ഒരുക്കി സ്വയം സജ്ജമാകലിനുള്ള സ്വയംശാക്തീകരണ പ്രവർത്തനങ്ങൾ വികസിപ്പിക്കുക.

15. അധ്യാപകരുടെ പൊതുപരിശീലനങ്ങളിലും ക്ലസ്റ്റർ പരിശീലനങ്ങളിലും പങ്കാളിത്തം ഉറപ്പാക്കുക.

16. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയസംവിധാനങ്ങൾ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

17. നിശ്ചിത ഇടവേളകളിൽ സ്കൂൾതല പഠനോത്സവങ്ങൾ നടത്തുക

RAMSONS

18. കുട്ടികൾക്ക് മികച്ച മാനസിക - വൈകാരിക - ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, നടപ്പാക്കുക.

19. മയക്കുമരുന്ന്, ലഹരി എന്നിവയ്ക്കെതിരായ നിലപാട് കൈക്കൊള്ളുന്നതിനായി ഉണർവ് പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.

20. ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം എന്നീ പ്രവർത്തനപദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പാക്കുക.

21. കായികക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.

22. സ്കൂൾ വർഷാരംഭത്തിൽ സ്കൂളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗരേഖയിൽ നിർദേശിച്ച വിഷയങ്ങളുടെ തുടർപ്രവർത്തനങ്ങൾ നടപ്പാക്കുക.

## 2. അവസ്ഥാ വിശകലനവും മുൻഗണനകളും

### മികവുകൾ

#### പി.ടി.എ

സ്കൂളിലെ പാഠ്യ-പാഠ്യേതര അനുബന്ധ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പി.ടി.എ നൽകുന്ന സേവനവും സഹകരണവും വളരെ വിലപ്പെട്ടതാണ്. സ്കൂളിലെ ആഘോഷങ്ങൾ, മേളകൾ, സ്കൂൾ ഉച്ചഭക്ഷണ പരിപാടി, വിവിധ ഗ്രാന്റുകളുടെ ഫലപ്രദമായ വിനിയോഗം തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും കൈത്താങ്ങ് വഹിക്കുന്ന പങ്ക് എടുത്തു പറയത്തക്കതാണ്. ശ്രീ. സജിത്ത് കെ. വർഗീസ് പി.ടി.എ പ്രസിഡന്റും ശ്രീമതി. സുനിത രാജേഷ് വൈസ് പ്രസിഡന്റും ആയി പി.ടി.എ. എക്സിക്യൂട്ടീവ് കമ്മറ്റി പ്രവർത്തിക്കുന്നു.

#### എസ്.എം.സി.

സ്കൂളിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും കുട്ടികളുടെ ആരോഗ്യം, പരിസര ശുചിത്വം, ജൈവകൃഷി, പൂന്തോട്ട നിർമ്മാണം, സ്കൂൾ വാഹനം, കുട്ടികളുടെ സ്വഭാവ രൂപീകരണം തുടങ്ങിയ മേഖലകളിൽ മാർഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായവും നൽകി എസ്.എം.സി. ഭാരവാഹികൾ സഹായിക്കുന്നു. നിസാർ അലിയാർ ചെയർപേഴ്സൺ ആയും ജിതാമോൾ വൈസ് ചെയർപേഴ്സണുമായി 16 അംഗ എസ്.എം.സി പ്രവർത്തിക്കുന്നു.

## സ്കൂൾ വികസന സമിതി

സമൂഹവുമായി ഈ സ്കൂളിനെ ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക വിഭവങ്ങൾ സ്കൂളിന്റെ സമഗ്ര വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്നതിനും സ്കൂൾ വികസന സമിതി വളരെയേറെ സഹായിക്കുന്നു. ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി. വിജില. വി.വി ചെയർമാനും ശ്രീ. സജീവ്. എസ് വൈസ് ചെയർമാനും ശ്രീ. പ്രവീൺ ചാലാപ്പള്ളി കൺവീനറും ശ്രീ. കെ. എൻ അനിൽകുമാർ ജോയിന്റ് കൺവീനറായും 15 അംഗ സ്കൂൾ വികസന സമിതി പ്രവർത്തിക്കുന്നു.

## എസ്. ആർ. ജി

ആഴ്ചതോറും കൂടുന്ന എസ്. ആർ. ജി. യോഗങ്ങളിൽ അക്കാദമിക കാര്യങ്ങളെ സംബന്ധിച്ച വിലയിരുത്തലുകളും ആസൂത്രണവും നടക്കുന്നു. സ്കൂൾ എച്ച്. എം. റോഷ്ന. പി.കെ ചെയർമാനും ശ്രീമതി. വിദ്യാമോൾ. സി. വി കൺവീനറുമായി. എസ്. ആർ. ജി. പ്രവർത്തിക്കുന്നു. ഈ സമിതിയിൽ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നു. സ്കൂൾതല ആഘോഷങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, പ്രതിമാസ പ്രവർത്തന കലണ്ടർ, വാർഷിക കലണ്ടർ എന്നിവയെല്ലാം എസ്. ആർ. ജി. യിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. വിവിധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ചും എസ്. ആർ. ജി. യിൽ ചർച്ച ചെയ്ത് നടപ്പിലാക്കുന്നു.

RAMSONS

അക്കാദമികം

മലയാളം, ഇംഗ്ലീഷ്, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങളിൽ മികച്ച പഠനനിലവാരം പുലർത്താൻ എല്ലാ കുട്ടികൾക്കും കഴിഞ്ഞു. സ്പെ. പ്രോജക്ടുകളായ ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, ഇത്താടി, ഗണിതം മധുരം, ശ്രദ്ധ - പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ ഏറ്റെടുത്ത് ചെയ്തു. പ്രവേശനോത്സവവും പഠനോത്സവവും മികച്ച രീതിയിൽ നടത്താൻ സാധിച്ചു. ദിനാചരണങ്ങൾ അതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് നടത്തി. ഓരോ ക്ലാസിലും പഠനപിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ നടത്തി പഠനവിടവ് പരിഹരിച്ചു. 'നാസ്' പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകി എം.സി.ക്യു ചോദ്യങ്ങൾ പരിചയപ്പെടുത്തി. എല്ലാ ആഴ്ചയും വെള്ളിയാഴ്ച വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ സാഹിത്യസമാജം നടന്ന് വരുന്നു. ഉപജില്ലാതല വിദ്യാരംഗം പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് മികച്ച വിജയം കൈവരിക്കാൻ സാധിച്ചു. കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കാനായി ആഴ്ചതോറും ക്വിസ് മത്സരങ്ങൾ നടത്തുന്നു. കുട്ടികളെ മികച്ച വായനക്കാരും എഴുത്തുകാരുമാക്കാനായി 'വിജ്ഞാന ദീപം' എന്ന തനത് പ്രവർത്തനം ചെയ്തു. കലാകായിക പ്രവൃത്തി പരിചയ മേളകളിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു.

സാമൂഹ്യ സംഗമവും വിദ്യ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു. ബോധവത്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും നടത്തി. വിദ്യ നിധിയിലൂടെ പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകി. എൽ.എസ്.എസ് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനങ്ങൾ നൽകുകയും തന്മൂലം എൽ.എസ്.എസ് നേടുന്ന കുട്ടികളുടെ എണ്ണം എല്ലാ വർഷവും നിലനിർത്താൻ സാധിക്കുകയും ചെയ്തു. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും രചന, ലേഖനം തുടങ്ങിയ മേഖലകൾ വികസിപ്പിക്കുന്നതിനും ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

കഴിഞ്ഞ വർഷങ്ങളിൽ എൽ.എസ്.എസ്. നേടിയ കുട്ടികളുടെ എണ്ണം

| ക്രമനമ്പർ | വർഷം | എൽ.എസ്.എസ് കിട്ടിയ കുട്ടികളുടെ എണ്ണം |
|---|---|---|
| 1. | 2020-21 | 4 |
| 2. | 2021-22 | 3 |
| 3. | 2022-23 | 1 |
| 4. | 2023-24 | 0 |
| 5. | 2024-25 | 2 |

RAMSONS

# 2024 - 25 അധ്യയനവർഷത്തെ മികവുകൾ.

## കലാവിഭാഗം

1. മോണോ ആക്ട് - First A grade
2. പ്രസംഗം തമിഴ് - Second A grade
3. കടങ്കഥ - Second A grade
4. പ്രസംഗം - മലയാളം - Second A grade
5. പദ്യംചൊല്ലൽ കന്നട - Third A grade
6. പദ്യം ചൊല്ലൽ English - Third A grade
7. അഭിനയഗാനം മലയാളം - A grade
8. കഥാകഥനം - A grade
9. Action Song English - A grade
10. സംഘഗാനം - B grade
11. ദേശഭക്തിഗാനം - B grade

## കായികവിഭാഗം

1. LP Mini Boys => Standing broadjump - Second
   Relay - second.
   Girls => Standing broadjump - Second
2. LP Kiddies Girls => 50 mtr Race - First
   50 mtr Race - Second
   100 mtr Race - Second.

# ശാസ്ത്രമേള

1. സയൻസ് പാർക്ക് - First A grade.
2. ലയൻസ് ശേഖരണം - Second A grade
3. ശാസ്ത്ര പരീക്ഷണം - A grade
4. Social Science quiz - First
5. Social Science Chart - Third A grade
6. Maths puzzle - A grade
7. Maths Number Chart - B grade
8. Badminton Net Making - First A grade
9. Electrical Wiring - First A grade.
10. Thread pattern - Second A grade.
11. Stuffed toys - Second A grade.
12. Bamboo products - 3rd A grade
13. Agarbathi Making - A grade.
14. Beads work - B grade.
15. Book binding - B grade.

# ഗവ. എൽ.പി.സ്കൂൾ ചെറിയകുന്നം

## 2024-25 വർഷത്തിലെ തനത് പ്രവർത്തന റിപ്പോർട്ട്

2024-25 അധ്യയനവർഷം ഞങ്ങളുടെ സ്കൂളിൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഏറ്റെടുത്ത ഒരു തനതു പ്രവർത്തനം ആണ് 'വിജ്ഞാന ദീപം'. ഇതിന്റെ ഭാഗമായി ഓരോ ക്ലാസിലും പഠന പിന്നോക്കരായ കുട്ടികളെ കണ്ടെത്തുന്നതിനായി പ്രീ-ടെസ്റ്റുകൾ നടത്തുകയുണ്ടായി. തുടർന്ന് പിന്നോക്കരായ കുട്ടികൾക്ക് അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ തയ്യാറാക്കി. എല്ലാ ദിവസവും ഉച്ചയ്ക്ക് 1.30 മുതൽ 2 വരെയുള്ള സമയങ്ങളിൽ കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾ എടുത്തു. ടീച്ചർ ഒരു വാക്ക് ബോർഡിൽ എഴുതുന്നു. ആ വാക്ക് കുട്ടികൾ തങ്ങളുടെ കൈയ്യിലിരിക്കുന്ന കാർഡുകളും ചിഹ്നങ്ങളും ഉപയോഗിച്ച് ക്രമീകരിക്കുന്നു. തുടർന്ന് ആ വാക്കിലെ അക്ഷരങ്ങളും ചിഹ്നങ്ങളും ചർച്ച ചെയ്യുന്നു. രണ്ടാം ഘട്ടമായി അധ്യാപിക പറയുന്ന വാക്കുകൾ അക്ഷര-ചിഹ്ന കാർഡുകൾ ഉപയോഗിച്ച് കുട്ടികൾ തനിയെ തയ്യാറാക്കുന്നു. ശേഷം നിശ്ചിത അക്ഷരം നൽകി അതുമായി ബന്ധപ്പെട്ട വാക്കുകൾ എഴുതാൻ അവസരം നൽകി. അക്ഷരങ്ങളും ചിഹ്നങ്ങളും ആവർത്തിച്ചുവരുന്ന ലളിതമായ വായനാകാർഡുകൾ വായിക്കാൻ നൽകി. 'വിജ്ഞാന-ദീപം' എന്ന ഈ പ്രവർത്തനം കുട്ടികളിലെ വായനയ്ക്കും

ഭാഷണത്തിലും മികച്ച ഒരു പുരോഗതി ഉണ്ടാക്കുവാൻ സഹായകമായി. എല്ലാ അധ്യാപകരുടെയും പങ്കാളിത്തവും, പിന്തുണയും, സഹകരണവും ഉണ്ടായിരുന്നു. പ്രധാനാധ്യാപകൻ എസ്. സജീവ് വേണ്ട നിർദ്ദേശങ്ങൾ നൽകി. 'വിജ്ഞാനദീപം' എന്ന ഈ പ്രവർത്തനം കുട്ടികളും രക്ഷിതാക്കളും വളരെ താൽപ്പര്യത്തോടെ ഏറ്റെടുത്തു.

കുട്ടികളിലെ പൊതുവിജ്ഞാനം പരിപോഷിപ്പിക്കാനായി 'അറിവിന്റെ അമൃതം' എന്ന പദ്ധതി നടപ്പാക്കി. ആനുകാലിക സംഭവങ്ങൾ, പൊതുവിജ്ഞാനം എന്നിവയെ അടിസ്ഥാനമാക്കി 10 ചോദ്യങ്ങൾ തയാറാക്കി തിങ്കളാഴ്ച ദിവസം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ എഴുതി കുട്ടികൾ നിർദ്ദിഷ്ട പെട്ടിയിൽ ഇടും. വെള്ളിയാഴ്ച വിജയികളെ കണ്ടെത്തി പുസ്തകം സമ്മാനമായി നൽകുന്നു. ഈ പ്രവർത്തനം കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് സഹായിച്ചു. എല്ലാവരും വളരെ ഉത്സാഹത്തോടുകൂടി ഈ പ്രവർത്തനം ഏറ്റെടുത്തു.

## ഗവ. എൽ. പി. എസ് ചെറിയകുന്നം 2024-25
## കുട്ടികളുടെ ആരോഗ്യ പരിപാലന രംഗത്തുചില പ്രവർത്തനങ്ങൾ.

2024-25 അദ്ധ്യയനവർഷത്തിലെ ആദ്യമാസം തന്നെ 'ആഹാരവും ആരോഗ്യശീലവും' എന്ന വിഷയവുമായി ബന്ധപ്പെട്ട ഒരു ക്ലാസ്സ് കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഹെൽത്ത്ക്ലബ്ബിന്റെ ഭാഗമായി നടത്തി. തുടർന്ന് എല്ലാ കുട്ടികളും പ്രഭാതഭക്ഷണം കഴിച്ചിട്ടാണോ വരുന്നത് എന്ന് അധ്യാപകർ ഉറപ്പുവരുത്തിയിരുന്നു. തുടർന്ന് എല്ലാമാസവും കുട്ടികളുടെ Weight, Height എന്നിവ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ കുട്ടികളുടെ രക്ഷിതാക്കൾക്ക് നൽകുകയുണ്ടായി. കുട്ടികളുടെ കാഴ്ചശക്തി പരിശോധനയുമായി ബന്ധപ്പെട്ട് കുന്നന്താനം PHC യിൽ വച്ച് നടത്തപ്പെട്ട ക്ലാസിൽ സ്കൂൾ ഹെൽത്ത് ക്ലബ്ബ് കോർഡിനേറ്റർ പങ്കെടുത്തു. അതിന്റെ ഭാഗമായി സ്കൂളിൽ [illegible] പഞ്ചായത്തിലെ അഞ്ജന സിസ്റ്റർ സ്കൂളിൽ എത്തി കുട്ടികളുടെ കാഴ്ചപരിശോധന നടത്തി റിപ്പോർട്ട് നൽകി.

### സ്കൂൾ ഉച്ചഭക്ഷണ പരിപാടി

പോഷകസമ്പുഷ്ടവും വിഭവസമൃദ്ധവും, ചെലവ് കുറഞ്ഞതും വിഷരഹിതവുമാക്കുന്നതിനുവേണ്ടി സ്കൂൾ വളപ്പിൽ രക്ഷിതാക്കൾ, അധ്യാപകർ, കുട്ടികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ജൈവകൃഷി ചെയ്യുന്നു.

## പരിമിതികൾ

സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും ക്ലാസ്സിന്റെ നിലവാരം അനുസരിച്ച് വായനയും ലേഖനവും സ്വായത്തമാക്കാൻ കഴിയുന്നില്ല. ഗണിതാശയങ്ങൾ എല്ലാകുട്ടികൾക്കും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുന്നില്ല. ഇംഗ്ലീഷ് ഭാഷയോട് ചിലർക്കെങ്കിലും താൽപ്പര്യം കുറയുന്നതായി കാണുന്നു. ഭയം പ്രകടിപ്പിക്കുന്നു. എല്ലാ വിഷയങ്ങളുടെയും എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികൾക്കും കൈവരിക്കാൻ സാധിക്കുന്നില്ല. വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും അധികപുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

75 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്കൂൾ കെട്ടിടം, കായിക പരിശീലനത്തിനുള്ള കായിക പരിശീലനത്തിനുള്ള കളിസ്ഥലം, സൗകര്യപ്രദമായി ഇരുന്ന് വായിക്കുന്നതിന് വായനാമുറി, ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ്റൂം പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ഓഡിറ്റോറിയം, കുട്ടികൾക്ക് ഇരുന്ന് ഊണ് കഴിക്കുന്നതിനുള്ള ഊണുമുറി, കുട്ടികളെ സുഗമമായി സ്കൂളിൽ എത്തിക്കാൻ സ്വന്തമായ വാഹനം എന്നിങ്ങനെയുള്ള നിരവധി പരിമിതികൾ ഈ സ്കൂൾ നേരിടുന്നു.

## വെല്ലുവിളികൾ

കാലപ്പഴക്കം മൂലവും സ്ഥലപരിമിതി മൂലവും ഞെരുങ്ങുന്ന സ്കൂൾ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം പണിയുക എന്നതും അതിന് സാമ്പത്തികം കണ്ടെത്തുക എന്നതും വലിയ വെല്ലുവിളിയാണ്. തട്ട് തട്ടായുള്ള ഭൂമി ആയതിനാൽ അതിനെ നിരപ്പാക്കി കെട്ടിടം പണിയുക എന്നതും കളിസ്ഥലത്തിന് സ്ഥലം കണ്ടെത്തുക എന്നുള്ളതും വെല്ലുവിളിയാണ്.

വെണ്ണിക്കുളം സബ്ജില്ലയിലെ നഴ്സറി ഇല്ലാത്ത ഒരേ ഒരു സ്കൂൾ ചെറിയകുന്നം ജി.എൽ.പി.എസ് ആണ്. സ്ഥല പരിമിതിയാണ് ഇതിന് ഏറ്റവും വലിയ വെല്ലുവിളി. പ്രീപ്രൈമറി ഇല്ലാതെ ഒന്നാം ക്ലാസിലേക്ക് കുട്ടികൾ എത്തുക എന്നുള്ളതും വലിയ വെല്ലുവിളിയാണ്.

## 3. ലക്ഷ്യങ്ങൾ

- ഭാഷാവികസനം

### ◉ മലയാളം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടുന്നതിന് ഉറപ്പാക്കുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും സർഗ്ഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും ആശയങ്ങൾ വിവിധ രൂപത്തിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക.
4. കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക
5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകുക.
6. പഠനപിന്തുണ ആവശ്യമുള്ളവർക്ക് 'മലയാളത്തിളക്കം' പ്രവർത്തനങ്ങൾ അർത്ഥപൂർണമായി നടപ്പാക്കുക.

### ◉ ഇംഗ്ലീഷ്

1. ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിൽ ആവിഷ്കാരങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകുക
3. സ്വന്തമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും

RAMSONS

വിദ്യാർത്ഥികളെ സജ്ജരാക്കുക

4. ഇംഗ്ലീഷ് ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

5. സ്കൂൾ ലൈബ്രറിയിലും ക്ലാസ് ലൈബ്രറിയിലും ലഭ്യമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കുക.

6. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണവർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

- <u>പരിസരപഠനം</u>

1. ശാസ്ത്രീയ താല്പര്യം വളർത്തുന്നതിനും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുക.

2. ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ചെയ്യുക.

3. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രാവബോധവും സാമൂഹികാവബോധവും വളർത്തിയെടുക്കുക.

4. പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ജൈവവൈവിധ്യ ഉദ്യാനങ്ങൾ മെച്ചപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുക.

5. ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം എന്നെ പ്രവർത്തനപദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പാക്കുക.

6. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുന്നതിനായി ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സെമിനാറുകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

- <u>ഗണിതം</u>

1. അടിസ്ഥാന ഗണിതശേഷികളിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാക്കുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
2. ഓരോ ക്ലാസിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുക.
3. എല്ലാ കുട്ടികളിലും ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനിക വികസനത്തിന് ഊന്നൽ നൽകുന്നു.
4. ഗണിത പഠനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

- <u>ഐ.സി.ടി.</u> [സാങ്കേതികം]

1. വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും അറിവ് നിർമാണ പ്രക്രിയയിൽ അതിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക
2. കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ സ്വതന്ത്രമായും നിർഭയമായും ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക.
3. അധ്യാപകർക്ക് വിവരസാങ്കേതിക വിദ്യയിൽ മികച്ച പരിശീലനങ്ങൾ ലഭ്യമാക്കുക.

RAMSONS

4. IT പാഠപുസ്തകം - കളിപ്പെട്ടി - ക്ലാസ്മുറിയിൽ ഉപകരണമായി വിനിയോഗിക്കുക.
5. വിവിധ വിഷയങ്ങളുടെ പഠനത്തിൽ സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തുക.

• ആരോഗ്യ കലാ കായിക പ്രവൃത്തി പരിചയ

---

വിദ്യാഭ്യാസം

1. പ്രവൃത്തി പരിചയ പ്രവർത്തനങ്ങളെ മറ്റ് വിഷയങ്ങളുമായും പഠന വേലകളുമായും ബന്ധിപ്പിക്കുന്നു.
2. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുകയും കലാഭിരുചി വളർത്തുകയും ചെയ്യുന്നതിലൂടെ ഓരോ കുട്ടിയുടെയും തനതായ കഴിവ് വികസിപ്പിക്കുന്നതിന് അവസരങ്ങൾ നൽകുന്നു.
3. എല്ലാ കുട്ടികൾക്കും ശാരീരികക്ഷമത ഉറപ്പാക്കുകയും ഒപ്പം ആരോഗ്യകരമായ ശീലങ്ങൾ വളർത്തുകയും ചെയ്യുന്നു.
4. എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് തുല്യ അവസരങ്ങൾ നൽകുന്നതിനായി മികച്ച പരിശീലകരുടെ സഹായത്തോടെ യോഗാ ക്ലാസുകൾ കായിക പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുക.
5. സ്കൂൾ തലത്തിൽ 'കലാകായിക പ്രവൃത്തിപരിചയ മേളകൾ സംഘടിപ്പിക്കുകയും ഉപജില്ലാ ജില്ലാ മേളകളിൽ മികച്ച പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്യുക
6. കുട്ടികളുടെ മികവുകൾ പ്രദർശിപ്പിക്കുന്നതിനായി വിവിധ പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

RAMSONS

- ഭൗതികം , സാമൂഹികം

1. 75 വർഷത്തിൽ അധികം പഴക്കമുള്ള പഴയകെട്ടിടം പൊളിച്ചു കളഞ്ഞ് ഗവ. ഫണ്ട് ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുക.
2. കാർഷിക പരിശീലനത്തിനായി കൃഷിസ്ഥലം നിർമ്മിക്കുക.
3. ലൈബ്രറി, കമ്പ്യൂട്ടർലാബ്, ശാസ്ത്രലാബ് എന്നിവ നിർമ്മിക്കുക.
4. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് ഊണുമുറി നിർമ്മിക്കുക.
5. കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് സ്വന്തമായി വാഹനം വാങ്ങുകയും വാഹനവുമായി ബന്ധപ്പെട്ട ചിലവുകൾ നിർവ്വഹിക്കുന്നതിനായി കൃത്യമായ ഒരു സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
6. പുതിയ കെട്ടിടം നിർമ്മിച്ച് പ്രീപ്രൈമറി വിഭാഗം ആരംഭിക്കുക.
7. PTA, SRG, SMC, SSG എന്നിവ ശക്തിപ്പെടുത്തുക
   പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തുക
8. വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കാനായി വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുകയും വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
9. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക.

## 4. പ്രവർത്തന പദ്ധതി വിശദാംശങ്ങൾ

മേഖല: അക്കാദമികം ഭാഷാപഠനം      വിഷയം : മലയാളം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അക്ഷരദീപം | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക (മലയാളത്തിലും മാത്രം) [ആദ്യ മൊഡ്യൂൾ] | 1. പ്രീ-ടെസ്റ്റ്<br>2. അക്ഷരം, ചിഹ്നം ഉറപ്പിക്കൽ<br>3. അക്ഷരകാർഡ്<br>4. വാക്കു നിർമ്മാണം<br>5. വാക്യ നിർമ്മാണം<br>6. ചിത്ര നിരീക്ഷണത്തിലൂടെ കഥ പറയൽ<br>7. ചിത്രത്തിലൂടെ കഥാരചന<br>8. കഥ - ബാക്കി എഴുതൽ<br>9. ഭിന്ന ശേഷിക്കാർക്ക് നിരന്തര പ്രവർത്തനം<br>10. പിന്നോക്കക്കാർക്ക് ആദ്യ മൊഡ്യൂളിനെ പ്രയോജനപ്പെടുത്തി പ്രത്യേക ക്ലാസ് | 2025 - 26 | ക്ലാസ് അധ്യാപകർ | പി.ടി.എ. ഫണ്ട് 5000/- രൂപ |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| നല്ല വായന | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. പത്രവായന<br>5. അമ്മ വായന<br>6. വായനാനുഭവം പങ്കുവെക്കൽ<br>7. വായനാക്കുറിപ്പ് പതിപ്പ്<br>8. ദിനാചരണങ്ങൾ<br>9. വിദ്യാരംഗം - സാഹിത്യ സമാജം<br>10. വായനാസാമഗ്രികൾ വികസിപ്പിക്കൽ | 2025-26, 2026-27, | എസ്.ആർ.ജി | പി.ടി.എ. ഫണ്ട് 10000/- രൂപ |
| നല്ല എഴുത്ത് | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>4. പതിപ്പ് തയ്യാറാക്കൽ<br>5. ചുമർ പത്രിക തയ്യാറാക്കൽ<br>6. കയ്യെഴുത്തു മാസിക തയ്യാറാക്കൽ<br>7. ബാലസഭ - വിദ്യാരംഗം<br>8. രചനോത്സവം | 2025-26, 2026-27 | എസ്.ആർ.ജി | സ്പോൺസർഷിപ്പ് 5000/- രൂപ |

| | | | | | |
|---|---|---|---|---|---|
| ഭാഷാവികസനം | എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പാക്കുക അതിനായി സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക | 1. അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കാൻ അവസരം - അധ്യാപികയുടെ വായന, സാങ്കേതികവിദ്യ<br>2. പത്രവായനയും വിശകലനവും - പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഗ്രൂപ്പായി വായിക്കാൻ | 2025-26, 2026-27, 2027-28 | വിദ്യാരംഗം കോ-ഓർഡിനേറ്റർ, ക്ലാസ് അധ്യാപകർ, എസ്.ആർ.ജി | സംഭാവന 5000/- രൂപ |
| | എല്ലാ കുട്ടികളും ഓരോ കാലഘട്ടത്തിനും അനുയോജ്യമായ വിധം ഉയർന്ന നിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക | 1. ആഴ്ച ചർച്ചാവേദികൾ ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ കുറിപ്പ് തയ്യാറാക്കാൻ അവയെ പുനരാവിഷ്കരിക്കാൻ<br>2. ഇന്റർനെറ്റ് വഴി വിവരശേഖരണം, കാവ്യാലാപനം പരിശീലിപ്പിക്കൽ<br>3. വായനാക്കൂട്ടം - പുസ്തകങ്ങൾ ഓരോ കുട്ടിയും വായിച്ച് കുറിപ്പെഴുതി മറ്റുള്ളവരെ കേൾപ്പിക്കുക | | | |
| | കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക. അവരുടെ വിവിധത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | 1. സാഹിത്യകാരന്മാർ - കലാകാരന്മാർ അഭിമുഖം.<br>2. പതിപ്പുകൾ - കയ്യെഴുത്ത് ഗ്രന്ഥം, ക്ലാസ് പതിപ്പ്<br>3. രംഗവേദികൾ - പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, നാടകാവിഷ്കാരം.<br>4. കവിതാലാപനം, കഥപറച്ചിൽ<br>5. ബാലസഭ - എല്ലാ വെള്ളിയാഴ്ചയും | | | |

മേഖല : അക്കാദമികം

: ഭാഷാപഠനം

വിഷയം : ഇംഗ്ലീഷ്

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| My English | 1. ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക<br>2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക<br>3. സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക<br>4. ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക.<br>5. സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക. | 1. ഇംഗ്ലീഷിലുള്ള അസംബ്ലി<br>2. ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ്<br>3. ഇംഗ്ലീഷ് തിയേറ്റർ<br>4. റോൾപ്ലേ<br>5. സ്കിറ്റുകൾ<br>6. ഇംഗ്ലീഷ് പത്രങ്ങൾ മാസികകൾ, പുസ്തകങ്ങൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക<br>7. ചിത്രവായനയ്ക്കുള്ള അവസരം. ഇംഗ്ലീഷിൽ സംസാരിക്കാനുള്ള അവസരം നൽകൽ<br>8. ഇംഗ്ലീഷ് പത്രം, മാഗസിൻ - കുട്ടികളെക്കൊണ്ട് തയ്യാറാക്കുക.<br>9. ഇംഗ്ലീഷ് ഫെസ്റ്റ്<br>10. ഇംഗ്ലീഷ് ഡേ<br>11. ആങ്കറിംഗ്-ഇംഗ്ലീഷിൽ<br>12. ഇംഗ്ലീഷ് ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ, ഓഡിയോ-വീഡിയോ എന്നിവ പ്രയോജനപ്പെടുത്തൽ<br>13. ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ, E-cube English | 2025-26, 2026-27, 2027-28 | ക്ലാസ് അധ്യാപകർ, എസ്.ആർ.ജി | അധ്യാപകർ സംഭാവന 5000/- രൂപ |

മേഖല : അക്കാദമികം

വിഷയം : പരിസരപഠനം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പ്രകൃതിയിലേക്ക് സമൂഹങ്ങളിലേക്ക് | 1. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രാവബോധവും സാമൂഹികാവബോധവും വളർത്തിയെടുക്കുന്നതിന്.<br>2. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക<br>3. പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുക<br>4. ശുചിത്വവിദ്യാലയം - ഹരിതവിദ്യാലയ പ്രവർത്തന പദ്ധതി നടപ്പാക്കുക.<br>5. ആരോഗ്യ ജീവിതശീലങ്ങൾ വളർത്തുക. | 1. ശാസ്ത്രലാബ് പ്രയോജനപ്പെടുത്തൽ<br>2. ലഘുപരീക്ഷണ ക്ലബ്ബിൽ പരീക്ഷണം.<br>3. ശാസ്ത്രപ്രദർശനങ്ങൾ<br>4. സയൻസ് കോർണർ<br>5. ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ<br>6. പ്രകൃതിപഠനയാത്രകൾ<br>7. കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ<br>8. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ<br>9. ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ<br>10. ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങൾ<br>11. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ<br>12. ദിനാചരണങ്ങൾ<br>13. ബോധവത്കരണ ക്ലാസുകൾ<br>14. സെമിനാറുകൾ<br>15. ചർച്ചകൾ<br>16. പ്രോജക്ടുകൾ | 2025-26, 2026-27, 2027-28 | PTA, SRG, ക്ലാസ് ടീച്ചർ, SMC, | PTA, സംഭാവന - 1000/- രൂപ |

RAMSONS

മേഖല : അക്കാദമികം                                    വിഷയം : ഗണിതം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| ഗണിതം മധുരം | 1. അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക.<br>2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക - ഗണിതാസ്വാദനം<br>3. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.<br>4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.<br>5. ഗണിതവുമായി ബന്ധപ്പെട്ട ചിന്താശേഷി പരിപോഷിപ്പിക്കൽ | 1. ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ<br>2. ഗണിതലാബിൽ ഉപകരണങ്ങൾ സജ്ജീകരിക്കൽ - പ്രവർത്തനങ്ങൾ ചെയ്യൽ<br>3. ഗണിതമേളകൾ<br>4. പഠനോപകരണ ശില്പശാലകൾ<br>5. ഗണിതവായന<br>6. ഗണിത ക്വിസ്<br>7. മത്സരങ്ങൾ<br>8. ഗണിതപസിലുകൾ<br>9. സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>10. വർക്ക്ഷീറ്റുകൾ<br>11. ഐ. സി. ടി. സാധ്യതകൾ ഉപയോഗപ്പെടുത്തൽ<br>12. ഉപകരണ ശേഖരത്തിന്റെ ഫലപ്രദമായ വിനിയോഗം | 2025 - 2026<br>2025 - 26 | SRG, SSG, SMC | 5000/- |

മേഖല : അക്കാദമികം

വിഷയം : ഐ.സി.ടി.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| മാറുന്ന ലോകത്തിനൊപ്പം | 1. പഠനബോധന പ്രക്രിയയിലും അറിവുനിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക<br>2. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടറടക്കമുള്ള വിവരസാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.<br>3. മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതതവസരത്തിൽ നേടാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക. | 1. കുട്ടികൾക്കും ടീച്ചർക്കും കമ്പ്യൂട്ടർ [illegible] വിശദീകരിക്കുക.<br>2. ക്ലാസ് അടിസ്ഥാനത്തിൽ പരിശീലനത്തിനുള്ള സമയം ചിട്ടപ്പെടുത്തുക<br>3. പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹാരണത്തിന് ആവശ്യമായ വിവരങ്ങൾ ഇന്റർനെറ്റിൽ ശേഖരിക്കുക.<br>4. വിവിധവിഷയങ്ങളുടെ പഠനാനുഭവങ്ങൾ നൽകുന്നതിന് ഓഡിയോ വീഡിയോകൾ ഉൾപ്പെടുത്തുക<br>5. 'കളിപ്പെട്ടി' ഫലപ്രദമായി വിനിയോഗിക്കുക<br>6. E-cube English പ്രവർത്തനങ്ങൾ നടപ്പിലാക്കുക | 2025 - 2026, 2026-27, 2027-28 | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

വിഷയം : ആരോഗ്യ കലാ കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മാനസികാരോഗ്യം ജീവിതനൈപുണ്യം | 1. കുട്ടികളിലെ നൈസർഗ്ഗിക വാസനകളെയും സർഗ്ഗാത്മക കഴിവുകളെയും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക<br>2. എല്ലാ കുട്ടികളിലും വ്യായാമം, കളികൾ എന്നിവയിലൂടെ ശാരീരികാരോഗ്യ ക്ഷമത ഉറപ്പാക്കുക.<br>3. ക്യാംപസിനെ മാലിന്യമുക്തമാക്കാൻ, ഹരിതാഭമാക്കാൻ ഇടപെടലിൽ പങ്കെടുക്കാനുള്ള മനോഭാവം വികസിപ്പിക്കുക<br>4. ആധുനികവും സാങ്കേതിക വിദ്യാസാധ്യതകൾ ആരോഗ്യ കലാ കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്തുക. | 1. പ്രവൃത്തി പരിചയ പരിശീലന ക്ലാസുകൾ<br>2. ഒറിഗാമി<br>3. ശില്പശാലകൾ<br>4. പ്രദർശനം<br>5. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ<br>6. കായികമേള<br>7. എയ്റോബിക്സ് പരിശീലനം<br>8. നൃത്ത പരിശീലനം<br>9. യോഗ പരിശീലനം<br>10. ആരോഗ്യ ബോധവത്കരണ പരിപാടികൾ<br>11. കായിക പരിശീലനം | 2025-26, 2026-27, 2027-2028 | പി.ടി.എ, എസ്.എം.സി, അധ്യാപകർ | 25000/- |

## മേഖല: ഭൗതികം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങളിലേക്ക് | 1. നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടം നിർമിക്കൽ.<br>2. കായിക പരിശീലനത്തിനായി കളിസ്ഥലം നിർമിക്കുക.<br>3. ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, റോബോട്ടിക്സ് ലാബ്, ഇന്റർനെറ്റ്/ ഓഡിറ്റോറിയം നിർമിക്കുക.<br>4. പുതിയ കെട്ടിടം നിർമിച്ച് പ്രീപ്രൈമറി വിഭാഗം ആരംഭിക്കുക.<br>5. സ്വന്തമായി വാഹനം വാങ്ങുക – കുട്ടികൾക്ക് എത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുക. | 1. പി.ടി.എ. യോഗം ചേരൽ<br>2. SMC യോഗം ചേരൽ<br>3. SSG യോഗം ചേരൽ<br>4. SRG യോഗം ചേരൽ<br>5. നിവേദനം നൽകൽ MLA, MP, കളക്ടർ, വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ സന്ദർശിക്കൽ<br>6. പ്രാദേശിക സംഘടനകളുടെ സഹായം തേടൽ<br>7. പൂർവ്വ-അധ്യാപക വിദ്യാർത്ഥികളെ സന്ദർശിക്കൽ<br>8. സ്പോൺസേഴ്സിനെ കണ്ടെത്തൽ<br>9. ആസൂത്രണം<br>10. നിർവ്വഹണം | 2025 – 2030 | എസ്.എം.സി. പി.ടി.എ | MP fund<br>MLA fund<br>5 കോടി<br>ഉദാരമതികളായവരുടെ സഹായം |

മേഖല : സാമൂഹികം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാലയവും സമൂഹവും | 1. വിദ്യാലയ വിഭവങ്ങൾ സമൂഹ വികസനത്തിന്<br>2. സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാ തത്പരരായവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കാൻ നൽകൽ<br>ഗ്രാമസഭകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക. | 2025 - 26 , 2026 - 27 | ലൈബ്രറി ചുമതലയുള്ള അധ്യാപകൻ SRG | |
| സാമൂഹ്യാധിഷ്ഠിത വിദ്യാഭ്യാസം | 1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റു കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.<br>2. ഇവരുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക<br>സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തുക | 1. മെഡിക്കൽ പരിശോധനകൾ<br>2. ആനുകൂല്യങ്ങൾ ലഭ്യമാക്കുക.<br>3. RP മാരുടെ സേവനം പ്രയോജനപ്പെടുത്തുക<br>4. കമ്പ്യൂട്ടർ പരിശീലനം<br>5. രക്ഷാകർതൃ വിദ്യാഭ്യാസം<br>6. പാഠഭാഗങ്ങൾ അനുരൂപീകരണ പ്രവർത്തനങ്ങൾ നൽകൽ | 2026 - 2028 | ക്ലാസ് അധ്യാപകർ | 5000/- |

## 5. വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

മാസ്റ്റർ പ്ലാൻ നിരീക്ഷണത്തിനായി വ്യക്തമായ ഒരു ഘടനയും അതിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് പ്രത്യേക ഉത്തരവാദിത്തങ്ങളും രൂപരേഖ ചെയ്യുന്നു. ഹെഡ്മിസ്ട്രസ്, പി.ടി.എ പ്രസിഡന്റ്, എസ്.എം.സി. ചെയർമാൻ, എം.പി.ടി.എ പ്രസിഡന്റ്, എസ്.ആർ.ജി. കൺവീനർ എന്നിവർ ഉൾപ്പെടെയുള്ള പ്രധാന ഭരണപരമായ റോളുകൾ നിരീക്ഷണ ഘടനയിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ പുരോഗതിയുടെ പതിവ് മേൽനോട്ടം ഉറപ്പാക്കിക്കൊണ്ട്, അവലോകനങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ നടത്താൻ ഷെഡ്യൂൾ ചെയ്തിരിക്കുന്നു. ഓരോ വിഷയ മേഖലയ്ക്കുമുള്ള ഉത്തരവാദിത്തങ്ങൾ പ്രത്യേക വ്യക്തികൾക്ക് വ്യക്തമായി നൽകിയിട്ടുണ്ട്. ക്ലാസ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ അതത് ക്ലാസ് ടീച്ചർമാർക്കായിരിക്കും. മൊത്തത്തിലുള്ള പദ്ധതിയുടെ ഏകോപനം പി.ടി.എ പ്രസിഡന്റ്, എച്ച്.എം. എന്നിവർ കൈകാര്യം ചെയ്യുന്നു. സീനിയർ അസിസ്റ്റന്റ് കൺവീനറായി പ്രവർത്തിക്കുന്നു. പൊതുവായ അവലോകന പ്രക്രിയും പ്രതിമാസം നടത്തുന്നു.

നിരീക്ഷണ റോളുമായി ബന്ധപ്പെട്ടവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

ഹെഡ്മിസ്ട്രസ് : റോഷ്ന. പി.കെ

പി.ടി.എ. പ്രസിഡന്റ് : അജിത് കെ വർഗീസ്
എസ്.എം.സി. ചെയർമാൻ : സിനാറ് അബ്ദുല്ലാഷ്
എം.പി.ടി.എ. പ്രസിഡന്റ് : രേഷ്മ . ആർ . എസ്
എസ്. ആർ. ജി. കൺവീനർ : വിദ്യാമോൾ . സി.വി
ക്ലാസ് I : പ്രിയാലക്ഷ്മി പ്രസന്നൻ
ക്ലാസ് II : രഞ്ജു . എസ് . മേരി
ക്ലാസ് III : റോഷ്ന . പി . കെ
ക്ലാസ് IV : വിദ്യാമോൾ . സി . വി
വിദ്യാരംഗം : പ്രിയാലക്ഷ്മി പ്രസന്നൻ
IT : പ്രിയാലക്ഷ്മി പ്രസന്നൻ

## 6. മോണിറ്ററിംഗ് സംവിധാനം

വിദ്യാർത്ഥികളുടെ പുരോഗതി വിലയിരുത്തുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കൃത്യമായ മോണിറ്ററിംഗ് ആവശ്യമാണ്

### സമഗ്ര പുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതിയെ കേവലം പരീക്ഷാ മാർക്കുകൾക്കപ്പുറം ശാസ്ത്രീയമായി രേഖപ്പെടുത്തുന്നതാണ് സമഗ്ര പുരോഗതി രേഖ . ഇതിൽ കുട്ടിയുടെ ബൗദ്ധിക കഴിവ് , സാമൂഹിക പെരുമാറ്റം, സർഗ്ഗാത്മക കഴിവുകൾ , മാനസികാവസ്ഥകൾ, ശാരീരിക ക്ഷമത എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു . ഇത് കുട്ടിയുടെ വൈവിധ്യങ്ങളും പുരോഗതിയും തിരിച്ചറിഞ്ഞ് കൃത്യമായ ആസൂത്രണം നടത്താൻ സഹായിക്കുന്നു .

ഈ രേഖ അധ്യയന വർഷാവസാനം പുതിയ ക്ലാസ്സിലേക്ക് കൈമാറ്റം ചെയ്യപ്പെടണം.

## അക്കാദമിക മോണിറ്ററിംഗ്

അക്കാദമിക മോണിറ്ററിംഗിനായുള്ള പ്രവർത്തനങ്ങളിൽ മെന്റർമാർ ചെയ്ത സന്ദർശനങ്ങൾ ഉൾപ്പെടുന്നു. അവിടെ DIET, DEO, AEO, BR പോലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ മാർഗനിർദേശങ്ങൾ കണ്ട് സഹിച്ച് പതിവ് സന്ദർശനങ്ങളും അവലോകനങ്ങളും നടത്തും. SCERT/DIET ഉണ്ടാക്കിയ വിലയിരുത്തലുകളുടെ ശാസ്ത്രീയ സാധുത ഉറപ്പാക്കുന്നു. DIET പ്രിൻസിപ്പൽ ജില്ലാതല മാർഗനിർദേശം നൽകുന്നു. DDE, DEO, AEO എന്നിവർ ആന്തരിക സംവിധാനങ്ങളും അധ്യാപക പിന്തുണയും നൽകുന്നു. DPC, BPC എന്നിവർ പദ്ധതി നടപ്പാക്കലിന്റെ കൃത്യത ഉറപ്പാക്കുകയും മേൽനോട്ട സഹായം നൽകുകയും ചെയ്യുന്നു.

## വികാസപ്രദ വിലയിരുത്തൽ

കുട്ടിയുടെ അറിവ്, പ്രതിഭാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടു പോകുന്ന ശൈലി പകർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. വികാസപ്രദ വിലയിരുത്തലിലും അതിന്റെ വിശദമായ ഘടകങ്ങളിലും നൽകിയിട്ടുള്ള വിപുലമായ രൂപം കേവലം പരീക്ഷാ മാർക്കുകളിൽ മാത്രം ഒരു കേന്ദ്രീകരിക്കാതെ പഠനത്തിൽ എങ്ങനെ?, എന്തുകൊണ്ട്?. എന്നിവ മനസ്സിലാക്കുന്നതിനും നിരന്തര വിലയിരുത്തലിനും ഊന്നൽ നൽകുന്നു.

## 7. ഉപസംഹാരം

ചെറിയകുന്നം ഗവ. എൽ. പി. സ്കൂളിലെ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രവും ചിട്ടയാർന്നതുമായ ഒരു സമീപനത്തെ പ്രതിനിധീകരിക്കുന്നു. വിവിധ വിഷയങ്ങളിലുടനീളമുള്ള അടിസ്ഥാനപരമായ കഴിവുകൾ നേടുന്നതിനും വിശാലമായ വ്യക്തിഗതവും സാമൂഹികവുമായ വളർച്ചയ്ക്കും ഊന്നൽ നൽകിക്കൊണ്ട് സമഗ്രമായ വിദ്യാർത്ഥി വികസനത്തിനായുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് ഇത് വ്യക്തമാക്കുന്നു. രക്ഷിതാക്കളെയും അധ്യാപകരെയും വിശാലമായ സമൂഹത്തെയും അതിന്റെ നിർവഹണത്തിലും മേൽനോട്ടത്തിലും സജീവമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ പദ്ധതി ഒരു സഹകരണ മനോഭാവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നിരുന്നാലും നിലവിലുള്ള വെല്ലുവിളികളെയും ഈ പദ്ധതി അംഗീകരിക്കുന്നു. മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും പ്രിന്ററി ഇല്ലാത്തതും വലിയൊരു വെല്ലുവിളി തന്നെയാണ്. ഓരോ ക്ലാസിലും പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും എല്ലാ കുട്ടികളും നേടിയിട്ടില്ല എന്നതും വെല്ലുവിളി ഉയർത്തുന്നതാണ്. അക്കാദമിക് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ ആദരണീയരായ രക്ഷിതാക്കളുടെയും, പൂർവ്വ അധ്യാപകരുടെയും, പൂർവ്വ വിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും സർവ്വോപരി നല്ലവരായ നാട്ടുകാരുടെയും മറ്റ് സർക്കാർ - സ്വകാര്യ ഏജൻസികളുടെയും സഹായ സഹകരണങ്ങളോടെ പൂർത്തീകരിക്കാൻ കഴിയും എന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു.